LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആശുപത്രികളിൽ രോഗികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതിനുള്ള മാനദണ്ഡം

4 (*753) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ രോഗികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നുണ്ടോ ;

(ബി) സൗജന്യ ചികിത്സ ലഭിക്കുന്നതിന് രോഗികൾക്ക് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരിധി എത്രയാണ് ;

(ഡി) ഈ പരിധികഴിഞ്ഞ വരുമാനക്കാരായ രോഗികളിൽനിന്നും ഫീസ് ഈടാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്ന ഗവൺമെന്റ് ആശുപത്രികൾ എത്ര ; അവ എവിടെയെല്ലാം ;

(എഫ്) സൗജന്യ ചികിത്സാ സൗകര്യം സംസ്ഥാനത്തെ ഗവൺമെന്റ് ആയുർവ്വേദ/ഹോമിയോ ആശുപത്രികളിലും ലഭ്യമാണോ ;

(ജി) സൗജന്യ ചികിത്സ ലഭിക്കുന്നതിനുള്ള വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ആരിൽ നിന്നാണ് ഹാജരാക്കേണ്ടത് എന്ന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആരിൽ നിന്ന് ;

(എച്ച്) 1991-ൽ ഗവൺമെന്റ് ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകിയിരുന്ന രീതിയിൽ തന്നെയാണോ ഇപ്പോഴും സൗജന്യ ചികിത്സ നൽകുന്നത് ; അല്ലെങ്കിൽ വ്യത്യാസം വിശദമാക്കുമോ ;

(ഐ) പല താഴ്ന്ന വരുമാനക്കാർക്കും റേഷൻകാർഡിൽ ബി.പി.എൽ. രേഖപ്പെടുത്താത്തതുകൊണ്ട് സൗജന്യ ചികിത്സ ലഭ്യമാകാത്ത ബുദ്ധിമുട്ട് പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജെ) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രതിമാസം 1,500 രൂപ.

(ഡി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും 1,500 രൂപയിൽ താഴെ വരുമാനമുള്ളവർക്ക് സൗജന്യ ചികിത്സയും 1,500 രൂപയിൽ കൂടുതൽ വരുമാനം ഉള്ള എല്ലാ രോഗികളിൽ നിന്നും എല്ലാ സർവ്വീസുകൾക്കും നാമമാത്രമായ ഫീസും ഈടാക്കുന്നുണ്ട്.

(ഇ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും 1,500 രൂപയിൽ താഴെ വരുമാനമുള്ള എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ നൽകുന്നുണ്ട്.

(എഫ്) ലഭ്യമാണ്.

(ജി) ഉണ്ട്. പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസർക്ക് മുകളിലുള്ള ഉദ്യോഗസ്ഥൻ.

(എച്ച്) അല്ല. 8-2-1994-ലെ ജി.ഒ.(പി) 27/94/ആ.കു.വ. എന്ന ഉത്തരവ് അനുസരിച്ചാണ്.

(ഐ) ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്ക് സ്വയം തീരുമാനമെടുത്ത് ചികിത്സ നൽകാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ജെ) ബാധകമല്ല.

രജിസ്ട്രേഷനും ലൈസൻസുമില്ലാത്ത പ്രൈവറ്റ് ആശുപത്രികളുടെ പ്രവർത്തനം തടയാൻ നടപടി

5 (*754) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രൈവറ്റ് ആശുപത്രികളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നീ ഇനങ്ങളിൽ സർക്കാരിന് എന്തെങ്കിലും വരുമാനമുണ്ടോ ;

(ബി) ഇല്ലെങ്കിൽ രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) രജിസ്ട്രേഷനും ലൈസൻസുമില്ലാത്ത പ്രൈവറ്റ് ആശുപത്രികളുടെ പ്രവർത്തനം തടയാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ&ബി) 1997-ലെ കേരള പഞ്ചായത്ത്രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൾ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ തുടങ്ങുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇതിന് ഫീസും നിശ്ചയിച്ചിട്ടുണ്ട്. ടി ചട്ടങ്ങൾ നിലവിൽ വരുമ്പോൾ ഉണ്ടായിരുന്ന സ്ഥാപനങ്ങൾ മൂന്നു മാസത്തിനകം രജിസ്റ്റർ ചെയ്തിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. കൂടാതെ, ഈ രജിസ്ട്രേഷൻ വർഷംതോറും പുതുക്കേണ്ടതുമാണ്. ഇതിനും ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly